**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. ലാബിൽ ആയുധം നിർമ്മിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.ടി.ഐ.-യിൽ ലാബ് പഠനത്തിന്റെ പേരിൽ ആയുധ നിർമ്മാണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒപ്പ് വയ്ക്കാത്ത ഒരു പരാതി ഇ-മെയിലായി 08.07.2022-ൽ നെയ്യാറ്റിൻകര DYSP യ്ക്ക് ലഭിച്ചിരുന്നു. പോലീസ് അന്വേഷണത്തിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്ക് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഐ.ടി.ഐ. ലാബിൽ പ്രാക്ടിക്കൽ ക്ലാസുകളുടെ ഭാഗമായി ആയുധം നിർമ്മിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ രഹസ്യാന്വേഷണ വിഭാഗം എ.ഡി.ജി.പി. സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദേശങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ പോലീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ